LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 17, വ്യാഴം

വാല്യം 156] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 2014 ജൂലൈ മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം നമ്പർ * 781

എൻഡോസൾഫാൻ ദുരിതബാധിതർ

1 (*781) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാലക്കാട് ജില്ലയിലെ മുതലമടയിലുള്ള മാന്തോപ്പുകളിൽ എൻഡോസൾഫാൻ പ്രയോഗത്തെ തുടർന്ന് നിരവധി കുട്ടികൾക്ക് മാനസിക-ശാരീരിക വൈകല്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർവ്വേയോ പഠനമോ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം അറിയിക്കാമോ ;

(സി) ഇവർക്കായി ഇതുവരെ എന്തെങ്കിലും ചികിത്സാ സഹായം നൽകുകയുണ്ടായോ;എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

475/16

LIBRARY ARCHIVES Kerala Legislative Assembly

. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ,

(എ) ജില്ലാ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 19-11-2010, 20-11-2010 എന്നീ തീയതികളിൽ മുതലമട, കൊല്ലങ്കോട് എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ആരോഗ്യ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് സംശയിക്കുന്ന 46 പേരെ (2 വന്ധ്യതാ കേസുകളടക്കം) കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 19 പേർ 15 വയസ്സിന് താഴെയുള്ള കുട്ടികളാണ്. ബുദ്ധിമാന്ദ്യം, ശാരീരിക വൈകല്യം, പരാലിസിസ് എന്നിങ്ങനെയുള്ള രോഗാവസ്ഥകളാണ് പ്രധാനമായും കണ്ടെത്തിയത്.

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പാലക്കാട് ജില്ലയിലാകെ 3-5-2011 മുതൽ 9-5-2011 വരെ ആരോഗ്യ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരെ താഴെ പറയും പ്രകാരം കണ്ടെത്തി.

കുമരം പുത്തൂർ	17
അകത്തേത്തറ	18
ഷോളയൂർ	14
പുളർ	26
ഒഴലപ്പതി	31
നെല്ലിയാമ്പതി	16
നന്ദിയോട്	20
ആകെ	142

മുതലമട, കൊല്ലങ്കോട് പഞ്ചായത്തുകളിൽ നടത്തിയ സർവ്വേയിലും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം പാലക്കാട് ജില്ലയിലാകെ നടത്തിയ സർവ്വേയിലുമായി എൻഡോസൾഫാൻ ദുരിതബാധിതരെന്ന് സംശയിക്കുന്ന ആകെ 188 പേരെ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. തുടർ പഠനങ്ങൾക്കും രോഗനിർണ്ണയത്തിനുമായി തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിയെന്ന് സംശയിക്കപ്പെടുന്നവർക്ക് മാത്രമായി പ്രത്യേക ചികിത്സാസഹായം ഇവിടെ നൽകിയിട്ടില്ല. എന്നാൽ അതായ പ്രദേശത്തെ പ്രാഥമിക-സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള ചികിത്സയും ആരോഗ്യപ്രവർത്തകരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : സർ, 2010, 2011 വർഷങ്ങളിലാണ് ഇതു സംബന്ധിച്ചുള്ള പരിശോധന നടത്തിയതായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുള്ളത്. ഇപ്പോൾ 2014 ആണ്. അമിതമായി എൻഡോസൾഫാൻ ഉപയോഗിക്കുന്നതുകൊണ്ട് തന്നെയാണ് ഈ അസുഖമെന്ന് സ്ഥിരീകരിക്കുന്ന നിലയിലുള്ള മറുപടിയല്ല ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതുപോലെ 2011-ൽത്തന്നെ 188 ആളുകൾക്ക് ഇത്തരം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനുശേഷം 3 വർഷത്തിനിടയിൽ ഇതിന് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നത് എന്നത് സംബന്ധിച്ച് വിശദമായി പരിശോധിക്കുകയും ഇത്തരം ആരോഗ്യപ്രശ്നങ്ങൾ വ്യാപകമായി ജനങ്ങളെ ബാധിക്കാതിരിക്കാനുള്ള ഒരു നിലപാട് സ്വീകരിക്കേണ്ടതുമാണ്. അസുഖബാധിതരായിട്ടുള്ള ആളുകളെ സഹായിക്കുന്നതിനു വേണ്ടിയുള്ള നിലപാട് സർക്കാർ സ്വീകരിക്കേണ്ടതാണ്. കാസർഗോഡ് ജില്ലയിൽ ഈ സംഭവം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കിയത് കേരളവും ലോകവും ചർച്ച ചെയ്ത വിഷയമാണ്. ഏതാണ്ട് അതിനോട് സമാനമായ നിലയിലാണ് പാലക്കാട് ജില്ലയിലെ മുതലമടയിലും ഇത്തരത്തിലുള്ള പ്രശ്നം ഉയർന്നു വന്നിട്ടുള്ളത്. ഈ അസുഖബാധിതരായിട്ടുള്ള ആളുകൾക്ക് സഹായം എത്തിക്കുന്നതോടൊപ്പം തന്നെ അസുഖം വ്യാപകമാകാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലും ശക്തമായിട്ടുള്ള നടപടിയും സർക്കാർ സ്വീകരിക്കേണ്ടതാണ്. അതിനെന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, മുതലമടയിൽ ഏകദേശം 7,275 വീടുകളുണ്ട്. 30,324 ആളുകളെയാണ് സ്ക്രീനിംഗ് നടത്തിയത്. അതുപോലെതന്നെ കൊല്ലങ്കോട് 18,582 ആളുകളെ സ്ക്രീനിംഗ് നടത്തി. ഏകദേശം അൻപതിനായിരത്തോളം ആളുകളെ സ്ക്രീനിംഗ് നടത്തിയതിൽ 46 പേരെയാണ് രോഗബാധിതരായി സംശയിക്കുന്നു എന്നുപറഞ്ഞ് കണ്ടെത്തിയിട്ടുള്ളത്. ആരോഗ്യവകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയാണിത്. അതിനുശേഷം തൃശ്ശൂർ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലെ വിദഗ്ധസംഘം പോയി ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞു. പക്ഷേ അവർ അന്വേഷിച്ച് ഔദ്യോഗികമായി റിപ്പോർട്ടൊന്നും സംസ്ഥാന ഗവൺമെന്റിന് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. എന്തായിരുന്നാലും വളരെ ചുരുക്കം ആളുകൾക്ക് ഇത്തരത്തിലുള്ള രോഗം കണ്ടെത്തി എന്നുള്ളത് വളരെ ഗൗരവത്തോടുകൂടിത്തന്നെ ഗവൺമെന്റ് കാണുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധ സമിതി പ്രാഥമികമായി അവിടൊരു സന്ദർശനം നടത്തിയെന്നുള്ള വിവരം മാത്രമാണ് ഗവൺമെന്റിന് അനൗദ്യോഗികമായി ലഭ്യമായിട്ടുള്ളത്. കാസർഗോഡ് എൻഡോസൾഫാൻ ബാധിത മേഖലയിൽ വിദഗ്ധ സമിതി പരിശോധിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതിനുവേണ്ട പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, മുതലമട പഞ്ചായത്ത് Mango city എന്നാണ് അറിയപ്പെടുന്നത്. വലിയ തോതിൽ മാമ്പഴം ഉൽപ്പാദിപ്പിക്കുന്ന മാവ് കൃഷിയുള്ള അവിടെയാണ് എൻഡോസൾഫാൻ ഉപയോഗിക്കുന്നത്. എൻഡോസൾഫാൻ നമ്മുടെ നാട്ടിൽ നിരോധിച്ചിട്ടുണ്ടെങ്കിലും തമിഴ്നാട്ടിൽ നിന്ന് മറ്റു പല പേരുകളിലുമായാണ് ഇത് സംസ്ഥാനത്ത് വാങ്ങിക്കൊണ്ടുവരുന്നത്. അതുപോലെ, മാവ് കൃഷി ചെയ്യുന്ന ആളുകൾക്ക് ഭൂമി പാട്ടത്തിന് കൊടുക്കുകയാണ് ചെയ്യുന്നത്. പാട്ടത്തിന് ഭൂമിയെടുക്കുന്ന ആളുകൾക്ക് യാതൊരു സോഷ്യൽ കമ്മിറ്റ്മെന്റുമില്ല. അവർക്ക് എങ്ങനെയെങ്കിലും ലാഭമുണ്ടാക്കണമെന്നുള്ള ചിന്ത മാത്രമേയുള്ളൂ. അങ്ങിനെ ചെയ്യുന്നതിന്റെ ഭാഗമായാണ് ഈ പ്രശ്നമുണ്ടാകുന്നത്. അതുകൊണ്ട് ഈ മാമ്പഴ കർഷകരെ ദ്രോഹിക്കാനും പാടില്ല. അവരുടെ നിത്യജീവിതത്തിൽ അവർക്ക് വരുമാനം ഉണ്ടാകുന്നതിന് തടസ്സവുമുണ്ടാകരുത്. മുതലമടപഞ്ചായത്ത് പോലെ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിൽ സാമ്പത്തികമായ പുരോഗതി യുണ്ടാകുന്നതിൽ കോടിക്കണക്കിന് രൂപയുടെ വരുമാനം....

<u>മി. സ്പീക്കർ</u> : ഇപ്പോൾ എക്സ്പോർട്ടൊക്കെ ബാൻ ചെയ്തിരിക്കുകയല്ലേ?

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, വിദേശ രാജ്യങ്ങളിലേക്കുൾപ്പെടെയുള്ള എക്സ്പോർട്ട് ഇപ്പോൾ ബാൻ ചെയ്തിരിക്കുകയാണ്. എൻഡോസൾഫാന്റെ പേരിൽ യൂറോപ്യൻ യൂണിയൻ മാമ്പഴം നിരോധിച്ചിട്ടുണ്ട്. രോഗം വന്ന് ചികിത്സിക്കുന്നതിനുപകരം രോഗം വരാതിരിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു സമീപനമാണ് സർക്കാർ സ്വീകരിക്കേണ്ടത്. അതിനുവേണ്ട മുൻകരുതൽ എന്ന നിലയിൽ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ : സർ, എൻഡോസൾഫാൻ ഇവിടെ നിരോധിച്ചിട്ടുണ്ട്. അതിനുപകരം കീടനാശിനിയായി ഉപയോഗിക്കുന്ന പ്രത്യേകതരം മരുന്നുകളുടെ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പിന്റെ സർവ്വേയ്ക്ക് മുമ്പായിട്ടുതന്നെ അവിടെ കൃഷി വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ, റവന്യൂ-ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ എന്നിവർ ചേർന്നിട്ടുള്ള ഒരു മൊബൈൽ സ്ക്വാഡ് നേരത്തെ സർവ്വേയ്ക്കുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി, ഈ പ്രദേശത്ത് അത്തരത്തിലൊരു മൊബൈൽ സ്ക്വാഡ് രൂപീകരിച്ച് എൻഡോസൾഫാൻ അവിടെ തളിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും പറയുന്നത് ഔദ്യോഗികമായിട്ടുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ്. 2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ രക്ഷിതാക്കൾ ഈ കുട്ടികളെ നേരിൽ കാണിച്ചതാണ്. 46 കുട്ടികൾക്കായി അന്ന് അനുവദിച്ചത് 5000 രൂപയാണ്. അതായത് ഒരു കുട്ടിക്ക് ഏതാണ്ട് 108 രൂപ മാത്രമാണ് സാമ്പത്തിക സഹായം ലഭ്യമായത്. ഇപ്പോൾ അവിടെയുള്ള ഒരു പ്രശ്നം, മുതലമടയിൽ സ്ത്രീകൾ ഗർഭം അലസിപ്പിക്കുന്നു എന്നുള്ള വാർത്തയാണ്. അമ്മമാർ പ്രഗ്നന്റായിക്കഴിഞ്ഞാൽ വളരെ വേദനയോടുകൂടിയാണ് പിറക്കും മുമ്പുതന്നെ കുഞ്ഞുങ്ങളെ ഒഴിവാക്കാൻ നിർബന്ധിക്കപ്പെടുന്നത്. ഇവരെല്ലാം തമിഴ്നാടിന്റെ അതിർത്തി പ്രദേശത്തിലുള്ളവരാണ്. വല്ലാത്തൊരു സ്ഥിതിവിശേഷം അവിടെ നിലനിൽക്കുന്നുണ്ട്. ഇപ്പോൾത്തന്നെ മുതലമട, കൊല്ലങ്കോട് എന്നിവിടങ്ങളിലായി 46 ആളുകളാണ് എൻഡോസൾഫാൻ ദുരിത ബാധിതരായിട്ടുള്ളത്. പാലക്കാട് ജില്ലയിൽ മൊത്തം 188 പേർക്കുണ്ട്. ശ്രീ. വി. ചെന്താമരാക്ഷൻ പറഞ്ഞതുപോലെ ഇത് നാല് കൊല്ലംമുമ്പുള്ള കണക്കാണ്. 14 വർഷം മുമ്പാണ് മുതലമടയിലെ മാന്തോപ്പുകളിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചു തുടങ്ങിയതിന്റെ ലക്ഷണങ്ങൾ കാണാൻ കഴിഞ്ഞത്. ഇപ്പോഴും ഔദ്യോഗിക റിപ്പോർട്ട് ഇല്ല എന്നാണ് പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് പ്രഖ്യാപിച്ചപോലെ ഒരു പാക്കേജ് ഇവിടെ പ്രഖ്യാപിക്കണം. അല്ലെങ്കിൽ പാലക്കാട് ജില്ല മറ്റൊരു കാസർഗോഡ് ജില്ലയായി മാറും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവത്തോടുകൂടിയാണ് നോക്കിക്കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരാണ് ഇവിടെയുള്ളതെന്ന് ഉറപ്പുവന്ന പശ്ചാത്തലത്തിൽ, അല്ലെങ്കിൽ അവിടെ ഈ രോഗങ്ങൾ കണ്ടെത്തിയിരിക്കുന്ന പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് പ്രത്യേകമായ ഒരു പാക്കേജ് ഈ പ്രദേശത്തേയ്ക്കുവേണ്ടി പ്രഖ്യാപിച്ച് ചികിത്സാ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

ശ്രീ. എം. ചന്ദ്രൻ : സർ, എൻഡോസൾഫാൻ കേരളത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളത് സുപ്രീംകോടതി വിധിയനുസരിച്ചാണ്. പക്ഷേ ഇന്ന് എൻഡോസൾഫാൻ തന്നെ പലപേരുകളിൽ കേരളത്തിൽ ലഭ്യമാണ്. സാധാരണ കൃഷിക്കാർവരെ എൻഡോസൾഫാന്റെ പുതിയ പേരിലുള്ള കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ എൻഡോസൾഫാൻ ഇരകളെ കണ്ടെത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ, കേരളത്തിൽ 11 പഞ്ചായത്തുകളിലാണ് ഈ ഇരകളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ പട്ടികയിൽ പാലക്കാട് ജില്ലയിലെ മുതലമട, കൊല്ലങ്കോട്, ഷോളയൂർ, പുതൂർ തുടങ്ങിയ പഞ്ചായത്തുകളൊന്നും ഉൾപ്പെടുന്നില്ല. അതുകൊണ്ടുതന്നെ അവിടുത്തെ ഇരകൾക്ക് ന്യായമായ സഹായവും ലഭ്യമല്ല. ഈ 11 പഞ്ചായത്തുകളുടെ കൂട്ടത്തിൽ പാലക്കാട് ജില്ലയിലെ മേൽപ്പറഞ്ഞ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി അവിടത്തെ ഇരകൾക്കുകൂടി സഹായം നൽകുന്നതിനുവേണ്ട നടപടികൾ ആവിഷ്കരിക്കുമോ; അതോടൊപ്പംതന്നെ ഈ നിരോധിത കീടനാശിനി കേരള സംസ്ഥാനത്ത് അനുവദിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ എന്നതാണ് അറിയേണ്ടത്?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഇതുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ ഒരു സ്റ്റാഡ് രൂപീകരിക്കുന്നതാണ്. എൻഡോസൾഫാനുമായി ബന്ധപ്പെട്ടുള്ള മരുന്നുകൾ അവിടെ പരീക്ഷിക്കുന്നുണ്ടോ, തളിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി മറുപടി പറയും. അതോടൊപ്പംതന്നെ ഇവിടേയ്ക്കു വേണ്ടി ഒരു പ്രത്യേക ആരോഗ്യ പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ വളരെ സമഗ്രമായ ആരോഗ്യ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. പത്ത് കോടിയിൽപ്പരം രൂപ ഇതുവരെ ഇതിനായി ചെലവാക്കിയിട്ടുണ്ട്. എൻഡോസൾഫാനുമായി ബന്ധപ്പെട്ടുള്ള രോഗബാധിതരാണോ, ദുരിത ബാധിതരാണോ ഇവിടെയുള്ളത് എന്ന കാര്യം മനസ്സിലാക്കി അതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കും. അതുപോലെ, രോഗബാധിതരായിട്ടുള്ള ആളുകൾക്ക് പരമാവധി എല്ലാ ചികിത്സയും നൽകുന്നതിന് മുഖ്യമന്ത്രിയുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. വിജയദാസ് : സർ, 2009-നുശേഷം മുതലമട മേഖലയിൽ എൻഡോസൾഫാൻമൂലം രോഗം ബാധിച്ചു മരിച്ചവരുടെ എണ്ണം പത്ത് കഴിഞ്ഞു. ഒരാഴ്ചമുമ്പാണ് നെന്മാറ എൻ.എസ്.എസ്. കോളേജിനു സമീപം ബിജുവിന്റെ ഒന്നര വയസ്സുള്ള മകൻ അശ്വിൻ മരിച്ചത്. ഈ മരണവും എൻഡോസൾഫാൻ കീടനാശിനിയുടെ ഫലമാണോ എന്നു കണ്ടുപിടിക്കാൻ ആരോഗ്യവകുപ്പ് അധികൃതർക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് ഒരു ദുഃഖസത്യം. ഞാനിവിടെ സൂചിപ്പിക്കുന്നത് ഇപ്പോഴും കാർഷിക മേഖലയിൽ റെഡ് കാറ്റഗറിയിലുള്ള എല്ലാ കീടനാശിനികളും നിരോധിച്ചിട്ടുണ്ട് എന്നു പറയുന്നുണ്ടെങ്കിലും ഇപ്പോഴും റെഡ് കാറ്റഗറിയിലുള്ള കീടനാശിനികൾ തളിക്കുന്നുണ്ട്. കൃഷിക്കാർ അത് ഉപയോഗിക്കുന്നുണ്ട്. അത് പൂർണ്ണമായും ഇല്ലാതാക്കാനുള്ളനടപടി സ്വീകരിക്കണം. സമീപകാലത്ത് ആരോഗ്യവകുപ്പ് സർവ്വേ നടത്തിയത് പൂർണ്ണമല്ല. പരിപൂർണ്ണമായ ഒരു സർവ്വേ നടത്തുകയും, ഈ മേഖലയെ ജൈവ സൗഹൃദ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്യണം. മാത്രമല്ല, മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷംരൂപ നഷ്ട പരിഹാരമായി കൊടുക്കാനുള്ള നടപടി ആരോഗ്യവകുപ്പ് സ്വീകരിക്കണം. അതിനുള്ള നടപടി മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ഇടപെട്ട് സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കൃഷിവകുപ്പും ആരോഗ്യവകുപ്പും ചേർന്ന് നിരോധിച്ച കീടനാശിനികളിൽ പ്രത്യേകിച്ചും എൻഡോസൾഫാൻപോലെ റെഡ് കാറ്റഗറിയിൽപ്പെടുന്ന എല്ലാ നിരോധിക്കപ്പെട്ട കീടനാശിനികളും അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും ചിലപ്പോഴൊക്കെ ഇവിടെ കൊണ്ടുവരുന്നുണ്ട്. അതുകൊണ്ട്, കൂടുതൽ കർഷകർക്ക് ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തി ജൈവ കീടനാശിനികളും ജൈവവളവും മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അങ്ങനെയല്ലാത്തത് പിടിക്കപ്പെടുന്നുമുണ്ട്. അതിനെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. വി. എസ്. ശിവകുമാർ : സർ, വകുപ്പിന്റെ പ്രവർത്തനം ഞാൻ നേരത്തേതന്നെ പറഞ്ഞു. ആവശ്യമാണെങ്കിൽ പ്രത്യേക സർവ്വേ നടത്തി രോഗബാധിതർക്ക് എൻഡോസൾഫാൻ മൂലമുള്ള രോഗമാണോ ഉണ്ടായിട്ടുള്ളത് എന്നതിനെക്കുറിച്ച് മെഡിക്കൽ കോളേജിലെ വിദഗ്ധ ടീമിനെക്കൊണ്ട് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കാസർഗോഡുകാരായ ഞങ്ങളുടെ ദുര്യോഗമായിരിക്കാം, കാസർഗോഡ് ഇന്ന് എൻഡോസൾഫാന്റെ അപര നാമമായി മാറിയിരിക്കുന്നു. പതിനൊന്ന് പഞ്ചായത്തുകളെ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരെക്കാൾ എത്രയോ അധികം ദുരിതം പേറിക്കഴിയുന്നവർ മറ്റു പഞ്ചായത്തുകളിലുണ്ട്. അവരും എൻഡോസൾഫാൻ മൂലമാണോ ദുരിതമനുഭവിക്കുന്നത് എന്നതിനെക്കുറിച്ച് ഒരു പഠനം നടത്തിയിട്ടുണ്ടോ? കാസർഗോഡ് വിദഗ്ധമായ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും പഠനങ്ങളുമൊക്കെ നടത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോഴും ജനിതക വൈകല്യമുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകളുടെ എണ്ണവും അനുദിനം വർദ്ധിച്ചു വരികയാണ്. മന്ത്രിമാർ വരുമ്പോൾ അവരുടെ മുൻപിൽ സമരം നടത്തുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവിടെ വന്നപ്പോൾ അദ്ദേഹത്തിനും ഈ ദുരനുഭവം ഉണ്ടായി, ഇതിന് ഒരു ശാശ്വതമായ പരിഹാരം ആവശ്യമാണ്. പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ മുഴുവൻ നൽകിക്കഴിഞ്ഞോ? കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ഭീഷണി ഇല്ലെന്ന് മറ്റുള്ള ആളുകൾ പറയുന്നത് കേൾക്കാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. അതിനനുസൃതമായ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കണം.

ശ്രീ. വി. എസ്. ശിവകുമാർ : സർ, കാസർഗോഡ് ജില്ലയിൽ 11 പഞ്ചായത്തുകളിൽ താമസിക്കുന്ന ഏകദേശം 30,000-ത്തോളം ആളുകളെ സ്ക്രീനിംഗ് നടത്തിയാണ് എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തിയത്. അതിനുശേഷം ഇതുപോലെയുള്ള ചില പരാതികളുണ്ടായി. പതിനൊന്ന് പഞ്ചായത്തുകളിൽ പുറത്ത് താമസിക്കുന്നവർക്ക് പല കാരണങ്ങൾകൊണ്ട് അസുഖങ്ങൾ ഉണ്ടാകുന്നവർക്കുകൂടി ഇതിന്റെ ആനുകൂല്യങ്ങളും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ കാര്യം ചർച്ചചെയ്യുന്നതിന് 4-1-2013-ൽ പ്രത്യേക യോഗം വിളിച്ചുചേർത്തു. ആ മീറ്റിംഗിൽ ഏകദേശം 5227 പേരാണ് രോഗ ബാധിതരായി ആ മേഖലയിൽ ഉള്ളതെന്ന് മനസ്സിലാക്കി. 2013-ൽ വീണ്ടും 5000 ആളുകളെ സ്ക്രീനിംഗ് നടത്തിയതിൽ 337 പേരെ രോഗബാധിതരായി കണ്ടെത്തി, അത് ഈ പഞ്ചായത്തുകൾക്ക് പുറത്തുള്ളവരാണ്. അവർക്ക് എല്ലാ സഹായങ്ങളും ചികിത്സയും, ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി ആ യോഗത്തിൽ

തീരുമാനമെടുത്തു. 5000-ത്തോളം ആളുകളെ സ്ക്രീനിംഗ് നടത്തിയതിൽ എൻഡോസൾഫാൻ രോഗബാധിതരല്ലാത്ത 128 പേരുണ്ടായിരുന്നു. ആ 128 പേർ മറ്റ് ഗുരുതരമായ രോഗങ്ങളുള്ളവരാണ്. അവർക്ക് അഡീഷണലായി ചികിത്സയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപവീതം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. 5000-ത്തോളം ആളുകളെ സ്ക്രീനിംഗ് നടത്തിയതിൽ 946 പേർ 18 വയസ്സിൽ താഴെയുള്ള കുട്ടികളായിരുന്നു. എല്ലാ ചികിത്സയും സൗജന്യമായി കൊടുക്കുന്ന സമഗ്രമായ ആരോഗ്യകിരണം പദ്ധതിയിൽ അവരെ ഉൾപ്പെടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ മേഖലയിൽ 246 പേർക്ക് ക്യാൻസർ രോഗമുള്ളതായി കണ്ടെത്തി. അവർക്ക് സൗജന്യമായി മലബാർ ക്യാൻസർ സെന്ററിലും, ആർ.സി.സി.യിലും ചികിത്സ നൽകുന്നതിനും പ്രതിമാസ പെൻഷൻ നൽകുന്നതിനും തീരുമാനിച്ചു. കൂടുതലായി 1628 പേർക്ക് ഇതിന്റേതായ സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ട്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പ്രശ്നം ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒരു സാമൂഹിക പ്രശ്നമാണ്. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഇതിനായി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതെല്ലാം പ്രശ്നപരിഹാരത്തിന്റെ ഒരുവശം മാത്രമേ ആകുന്നുള്ളൂ. ഇക്കാര്യം പരിഹരിക്കണമെന്നുണ്ടെങ്കിൽ ഒരു ദീർഘകാല വീക്ഷണത്തോടുകൂടി ചുരുങ്ങിയത് 25 വർഷത്തേക്കെങ്കിലും കാലയളവ് വച്ചുകൊണ്ട് വളരെ വിശദമായ പ്രോജക്ട് തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? മുഖ്യമന്ത്രിയുടെ അഭിമുഖ്യത്തിൽ വിളിച്ച യോഗത്തിലെടുത്ത തീരുമാനങ്ങൾ മുഴുവൻ ഇംപ്ലിമെന്റ് ചെയ്യുന്നില്ല. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി അവിടെ വന്നപ്പോൾ അദ്ദേഹത്തെ ഹെലാരാവോ ചെയ്തു, ഞങ്ങളെയെല്ലാം ഹെലാരാവോ ചെയ്തു. തുടർന്ന് എടുക്കുന്ന തീരുമാനങ്ങൾ ഫലപ്രദമായി ഇംപ്ലിമെന്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അന്ന് താൽക്കാലികമായ ഒരു ഒത്തുതീർപ്പുണ്ടാക്കി. 25 കൊല്ലത്തെ ദീർഘ വീക്ഷണത്തോടുകൂടിയ ഒരു പ്രോജക്ട് തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, ഹെലാരാവോയൊന്നും ചെയ്തിട്ടില്ല. അത് വെറുതെ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. എടുക്കുന്ന തീരുമാനങ്ങൾ അക്ഷരംപ്രതി നടപ്പിലാക്കുന്നുണ്ട്. എൻഡോസൾഫാൻ സെല്ലിന്റെ യോഗം എല്ലാമാസവും അവിടെ കൂടുന്നുണ്ട്. സെല്ലിന്റെ ചെയർമാൻ ഞാനായതുകൊണ്ടാണ് ഇത് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സെല്ലിന്റെ യോഗം വിളിച്ചുചേർത്ത് കഴിഞ്ഞ യോഗത്തിലെടുത്ത തീരുമാനങ്ങളെന്താണോ അതൊക്കെ നടപ്പിലാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെടുത്ത കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒരുപക്ഷേ ജനപ്രതിനിധികളെ ജനങ്ങൾ അവരുടെ വിഷയങ്ങൾക്കുവേണ്ടി ഫൊറാവോ ചെയ്യുവെന്നിരിക്കും. അതൊന്നും വലിയ ക്ഷീണമുള്ള കാര്യങ്ങളല്ല.

ശ്രീ. കെ. പി. മോഹനൻ : സർ, ആ യോഗത്തിൽ എം.എൽ.എ. മാരുണ്ടായിരുന്നു, ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉണ്ടായിരുന്നു. ഇല്ലാത്ത കാര്യമായതുകൊണ്ട് പറയുകയാണ്. ഫൊറാവോ ചെയ്തോട്ടെ, പക്ഷെ ഇതുവരെ ഫൊറാവോ ചെയ്തിട്ടില്ല.

മി. സ്പീക്കർ : ഇവിടെ മിനിസ്റ്റർ ഫൊറാവോ ചെയ്തിട്ടില്ല എന്നാണ് പറഞ്ഞത്. അല്ലാതെ ഫൊറാവോ ചെയ്യേണ്ട എന്നല്ല.

ശ്രീ. വി. എസ്. ശിവകുമാർ : സർ, എൻഡോസൾഫാൻ മേഖലയിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽകൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുമായി ബന്ധപ്പെട്ട് ഒരു പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തു. ദുരിതബാധിതരായ ആളുകൾക്ക് അവരുടെ ശാരീരികവും മാനസികവും തൊഴിൽപരവുമായ പുനരധിവാസം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പുതുതായി കണ്ടെത്തിയ 337 പേരിൽ മനുഷ്യാവകാശ കമ്മീഷന്റെ ഡയറക്ഷൻ അനുസരിച്ച് 259 പേർക്ക് 1.5 ലക്ഷം രൂപ വച്ച് കൊടുക്കുന്നതിന് ഓർഡർ ആയിട്ടുണ്ട്. ഉടൻതന്നെ അത് നൽകുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, കഴിയുന്നത്ര പ്രവർത്തനങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗമാണ് വളരെ പ്രധാനപ്പെട്ടത്. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരായ എത്രപേരെ കണ്ടെത്തിയെന്ന് മന്ത്രി പറയുന്നുണ്ടെങ്കിലും അതുകൊണ്ടായോ? ജനിതകമാറ്റംകൂടി സംഭവിച്ചിരിക്കുകയാണ്. ഈ ക്രൂരത കാണിച്ച ആളുകൾ, കർഷകരെ സംബന്ധിച്ച് വിഷത്തിന്റെ കാഠിന്യം എന്താണെന്ന് മനസ്സിലാകാതെ അടിച്ചതാകാം. ആ കമ്പനിക്കെതിരെ എന്തു നടപടി സ്വീകരിക്കാൻ കഴിഞ്ഞു? അതുസംബന്ധിച്ച് ആലോചിക്കേണ്ടേ? 2001-ൽ നിരോധിച്ച മരുന്ന് എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

2010-ലും 2011-ലും പാലക്കാട് അടിച്ചു? കാസർഗോഡിലെ ജനങ്ങൾക്കുണ്ടായ ദുരിതം ഇവിടെ പറഞ്ഞുവല്ലോ; സ്വാഭാവികമായി ഈ കമ്പനികളെ നിലയ്ക്ക് നിർത്തണ്ടേ? ആ കമ്പനികളിൽനിന്ന് നഷ്ടം വാങ്ങണ്ടേ? ഇതുപോലെ ഒരു ലക്ഷമോ ഒന്നരലക്ഷമോ രൂപ നഷ്ടപരിഹാരം നല്കിയതുകൊണ്ട് മാത്രം ആ കുടുംബം രക്ഷപ്പെടുമോ? ആ നിലയ്ക്ക് ആ കമ്പനികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു? അതോടൊപ്പം ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞതുപോലെ 75 വർഷത്തേക്കെങ്കിലും ജനങ്ങൾ ഇതിന്റെ ദുരിതം അനുഭവിക്കാൻ സാധ്യതയുള്ളതുകൊണ്ട് അതിനെന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, എൻഡോസൾഫാൻ മേഖലയിൽ ദുരിത ബാധിതർക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുവരെ 25 വർഷമെന്നുള്ളതല്ല, എത്ര കാലമായിരുന്നാലും അതിനുവേണ്ട സമഗ്രമായ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അദ്ദേഹം പറഞ്ഞ കാര്യം ഗവൺമെന്റ് തലത്തിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : സർ, കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒരു പാക്കേജ് പ്രഖ്യാപിച്ചതുപോലെ പാലക്കാട് ജില്ലയിലും ദുരിതബാധിതരായിട്ടുള്ള ആളുകൾക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? മാത്രമല്ല, എൻഡോസൾഫാൻ മാത്രമാണ് ഇതിന്റെ ദുരിതം ഉണ്ടാക്കുന്നതെന്ന് വിചാരിക്കുന്നത് ശരിയല്ല. നിരവധി റെഡ് കാറ്റഗറിയിൽപ്പെട്ട കീടനാശിനികൾ അനധികൃതമായി ഇവിടെ ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം മരുന്നുകൾ നമ്മൾ നിരോധിച്ചാലും ഈ മരുന്നുകമ്പനികളുടെ റെപ്രസെന്റേറ്റീവ്സ് എല്ലാ പ്രദേശത്തും ഇത് വ്യാപകമായി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അത് തടയാനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഈ മേഖലയിൽ രോഗം ബാധിച്ച ആളുകളുടെ പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവത്തോടുകൂടി കൈകാര്യംചെയ്യും. ഒരു പ്രത്യേക ആരോഗ്യ പാക്കേജ് ഈ പ്രദേശത്തേയ്ക്കുവേണ്ടി പ്രഖ്യാപിക്കുന്നതും അതു നടപ്പിലാക്കുന്നതുമാണ്. അതോടൊപ്പംതന്നെ അദ്ദേഹം പറഞ്ഞതനുസരിച്ച് പുതിയ സർവ്വേ നടത്താനും ആ സർവ്വേയുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ധ സമിതി പരിശോധിച്ച് അത് എൻഡോസൾഫാൻ ദുരിതബാധിത മേഖലയാണെങ്കിൽ തീർച്ചയായും കാസർഗോഡ് പ്രഖ്യാപിച്ചതുപോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രിയുമായി ആലോചിച്ച് അതിനെക്കുറിച്ചുള്ള നടപടികളുമായി മുന്നോട്ട് പോകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ജയരാജൻ : സർ, ഒരു കാലഘട്ടത്തിൽ മാമ്പഴം, കശുവണ്ടി, റബ്ബർ മേഖലകളിൽ എൻഡോസൾഫാൻ വൻതോതിൽ ഉപയോഗിച്ചതിന്റെ ഫലമായി ഇതിന്റെ രാസവസ്തുക്കളെല്ലാം ഭൂമിയിലേയ്ക്ക് വന്നു. അത് ജലത്തിലേക്കു പോയി. അത് എത്രയോ വർഷക്കാലം നിലനിൽക്കുന്ന ഒരപകടകരമായ നിലയുടരുകയാണ്. നിലവിൽ അതിന്റെ ആപത്ത് അനുഭവിക്കുന്നവരുണ്ട്, ഭാവിയിൽ ഇത് അനുഭവിക്കാനിരിക്കുന്നവരുണ്ട്. ഗവൺമെന്റ് ഈ വിഷയത്തിൽ കുറെ കാര്യങ്ങൾ ചെയ്യുന്നുവെന്ന് പറയുന്നത് ശരിയാണ്. പക്ഷേ ഫലപ്രദമായി ഒരു ഗവേഷണം നടത്തി പരിശോധിച്ച് ഇതിന്റെ ആപത്തിൽനിന്ന് ഒഴിവാക്കാനും ഇപ്പോഴുള്ളതിനെ മാറ്റിത്തീർക്കാനുമുള്ള സംവിധാനം ഇനിയും ഉണ്ടായിട്ടില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുപോലെതന്നെ എൻഡോസൾഫാൻ ഉപയോഗിക്കേണ്ടിവരുന്നത് കീടം നശിപ്പിക്കാനാണ്. ഈ കീടങ്ങളുണ്ടാകാതിരിക്കാനും പറ്റില്ല. കീടങ്ങൾ ഉണ്ടാകണം. പക്ഷേ ഉൽപ്പാദനത്തെ ബാധിക്കുന്നതുകൊണ്ടാണ് എൻഡോസൾഫാൻ ഉപയോഗിച്ചത്. ഇതിനൊരു ബദൽ സംവിധാനമുണ്ടാകണം. വേപ്പെണ്ണപോലുള്ള കീടനാശിനികൾ ഗവൺമെന്റ്തന്നെ പ്രചരിപ്പിക്കുകയും കൃഷിക്കാർക്ക് സൗജന്യമായി നൽകി കൃഷിയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഭാവിയിൽ ഇത്തരം ദുരിതങ്ങളുണ്ടാകാതിരിക്കാനുള്ള ഫലപ്രദമായ ഒരു സംവിധാനം ഗവേഷണ രംഗത്തുണ്ടാക്കി ആരോഗ്യവകുപ്പ് പരിഹാരം കാണാൻ ശ്രമിക്കണം.

ശ്രീ. വി. എസ്. ശിവകുമാർ : സർ, രണ്ടാമത്തെ ഭാഗത്തിന് കൃഷി വകുപ്പുമന്ത്രി മറുപടി പറയും. തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഭാവിയിൽ നമ്മുടെ തലമുറകളിലേയ്ക്ക് ഈ ദുരിതം ബാധിക്കുന്നത് തടയപ്പെടേണ്ടതുണ്ട്. തീർച്ചയായും ആരോഗ്യവകുപ്പ് അതിനുവേണ്ടുന്ന ഒരു സമഗ്രമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. ഭാവിയിലും ഇതിന്റെ തിക്താനുഭവങ്ങൾ ഇല്ലാതിരിക്കാൻവേണ്ടി മണ്ണിലെ ലവണാംശങ്ങൾ മാറിയിട്ടുണ്ട്, അതോടൊപ്പംതന്നെ മണ്ണിലെ എൻ. പി. കെ.-യിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതിനുവേണ്ടി കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ഒന്നോ ഒന്നരയോ വർഷംകൊണ്ട് കാസർഗോഡ് ജില്ലയിലെ മണ്ണിനെ സമ്പൂർണ്ണമായും ജൈവാംശം മാത്രമുള്ള മണ്ണാക്കി മാറ്റാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്

cattle farm തുടങ്ങിക്കൊണ്ട് ചാണകവും (കൗഡങ്) ജൈവ വളങ്ങളും ഉപയോഗിച്ച കൊണ്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും അതിനു വേണ്ടിയുള്ള ബോധവൽക്കരണവും നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *782.

തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും

2 (*782) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. ടി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പൊതുജനങ്ങളുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നതിനുള്ള സംവിധാനം എല്ലാതലങ്ങളിലും ഒരുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ) പൊതുജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ തൊഴിൽ വകുപ്പിന്റെ ഓഫീസുകളിൽ നേരിട്ട് നൽകാവുന്നതാണ്. കൂടാതെ എല്ലാ ഓഫീസുകളുടേയും ടെലിഫോൺ നമ്പറുകൾ ഉൾക്കൊള്ളുന്ന ടെലിഫോൺ ഡയറക്ടറിയും ഇ-മെയിൽ വിലാസം ഉൾക്കൊള്ളുന്ന ഇ-മെയിൽ ഡയറക്ടറിയും തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ടി വെബ് സൈറ്റിൽ on-line ആയി പരാതി/സംശയം ഉന്നയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly